# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.5997 - 02/04/2018 -ലെ മറുപടിക്ക്

### വാർഷിക പദ്ധതികളുടെ നിർവ്വഹണം

ഉത്തരം

ചോദ്യം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

ശ്രീ.പാറക്കൽ അബ്ദുല്ല

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം വിവിധ വാർഷിക പദ്ധതികളുടെ പദ്ധതി നിർവ്വഹണം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | 2017-18 സാമ്പത്തിക വർഷം ജനുവരി 31 വരെ സംസ്ഥാന പദ്ധതിയിനത്തിൽ നിന്ന് 63 ശതമാനം (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്ന് ഇക്കാലയളവിൽ 46 ശതമാനം (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും ചെയ്തു. |
| ബി | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവിൽ ഈ പദ്ധതികളുടെ പദ്ധതി നിർവ്വഹണം എത്ര ശതമാനമായിരുന്നു; | 2016-17 സാമ്പത്തിക വർഷം ജനുവരി 31 വരെ സംസ്ഥാന പദ്ധതിയിനത്തിൽ നിന്ന് 46 ശതമാനം ചെലവഴിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്ന് ഇക്കാലയളവിൽ 22 ശതമാനം ചെലവഴിക്കുകയും ചെയ്തു. |
| സി | കേന്ദ്രം അംഗീകരിച്ചതും കേന്ദ്ര സഹായം ലഭ്യമായതുമായ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 2018 ജനുവരി 31 വരെയുള്ള പദ്ധതി നിർവ്വഹണം എത്ര ശതമാനമാണ്; | 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതമായി 8038.95 കോടി രൂപ വകയിരുത്തുകയും അതിൽ നിന്നും 2018 ജനുവരി 31 വരെ 3978.9 കോടി രൂപ (താൽക്കാലിക കണക്കുകൾ) ചെലവഴിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണം 49 ശതമാനമാണ്. |
| ഡി | കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടത്തിപ്പ് ഈ സാമ്പത്തിക വർഷത്തിൽ ശരാശരി എത്ര ശതമാനമായിരിക്കുമെന്നാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കുമോ? | മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ